ॐ



അനുഗ്രഹോ*f*യം ഭവത: കൃതോ ഹി നോ ദണ്ഡോ*f*സതാം തേഖലു കല്മഷാപഹ:
യദ്ദന്ദശൂകത്വമമുഷ്യ ദേഹിന: ക്രോധോ*f*പി തേ*f*നുഗ്രഹ ഏവ സമ്മത: **(10-16-34)**
ന നാകപൃഷ്ഠം ന ച സാർവഭൗമം ന പാരമേഷ്ഠ്യം ന രസാധിപത്യം
നയോഗസിദ്ധീരപുനർഭവം വാ വാഞ്ഛന്തി യത്പാദരജ:പ്രപന്നാ: **(10-16-37)**

*ശുകമുനി തുടർന്നു:*
യമുനാനദിയുടെ ഒരു ഭാഗമായ കാളിന്ദി കാളിയൻ എന്ന് പേരുള്ള ഒരു സർപ്പത്തിനാൽ വിഷലിപ്തമായിതീർന്നിരുന്നു. ഏതൊരു ജീവിയും നദിക്കരയിലെത്തുമ്പോഴേക്കും കാളിയന്റെ വിഷവീര്യത്താൽ മരിച്ചു വീണു. സർവ്വമാനജീവജാലങ്ങളുടേയും സംരക്ഷണാർത്ഥം അവതരിച്ച ഭഗവാൻ കൃഷ്ണൻ കാളിന്ദീ നദീതീരത്തു ചെന്ന് അടുത്തുള്ള ഒരു മരത്തിൽ കയറി അതിൽ നിന്ന് വിഷമയമായ വെള്ളത്തിലേക്ക് എടുത്തു ചാടി. എന്നിട്ട് കളിച്ചുല്ലസിക്കാൻ തുടങ്ങി. വിഷത്തിനു കാരണഭൂതനായ സർപ്പം ക്ഷണനേരംകൊണ്ട് കൃഷ്ണനെ ചുറ്റിവരിഞ്ഞു മുറുക്കാൻ തുടങ്ങി. ഭഗവാൻ അനങ്ങാതെ നിന്നു കൊടുത്തു. അതു കണ്ട് ഗോപാലൻമാർ ബോധം കെടുകയും പശുക്കൾ ദീനരായി തലതാഴ്ത്തുകയും ചെയ്തു. ദു:ശ്ശകുനങ്ങൾ ദർശിച്ച ഗ്രാമീണസ്ത്രീകൾ തങ്ങളുടെ കണ്ണിലുണ്ണിക്കണ്ണൻ അപകടത്തിലാണെന്ന് കരുതി കൃഷ്ണന്റെ കാലടിപ്പാടുകൾ പിന്തുടർന്ന് നദിക്കരയിലെത്തി. നന്ദനും മറ്റു ഗോപരും വിഷജലത്തിലെടുത്തു ചാടാനൊരുങ്ങിയപ്പോൾ ബലരാമൻ അവരെ തടഞ്ഞു നിർത്തി.

കൃഷ്ണന് തന്റെ കൂട്ടുകാരുടെയും പശുക്കളുടെയും മന:പ്രയാസം കണ്ട് മനസ്സലിഞ്ഞു. മായാശക്തിയാൽ കൃഷ്ണൻ തന്റെ ശരീരത്തെ വികസിപ്പിക്കാൻ തുടങ്ങി. അപ്പോൾ സർപ്പം കൃഷ്ണന്റെ മേലുള്ള പിടിവിട്ടു. എന്നിട്ട് വാലുകൊണ്ട് അടിക്കാനൊരുങ്ങി. കൃഷ്ണൻ പാമ്പിനുചുറ്റും നൃത്തം വച്ചു. ഇടിമിന്നൽ പോലുള്ള ചലനത്തിനെ പിന്തുടർന്ന് സർപ്പം തളർന്നു. തന്റെ കൈകൾ കൊണ്ട് സർപ്പത്തിന്റെ ഫണമമർത്തി കൃഷ്ണൻ അതിനു മുകളിലേറി നൃത്തം ചെയ്തു. ആകാശസംഗീതവും പെരുമ്പറയും മുഴങ്ങി. കൃഷ്ണന്റെ കാൽചവിട്ടിൽ അമർന്നു വിഷമിച്ച കാളിയൻ ഭഗവാൻ നാരായണനെ ധ്യാനിച്ച് ബോധമറ്റു വീണു. അതുകണ്ട് കാളിയന്റെ ഭാര്യമാർ കൃഷ്ണന്റെയടുക്കൽ വന്ന് പ്രാർത്ഥിച്ചു. “ഈ സർപ്പത്തെ ശിക്ഷിക്കുക എന്നത് ന്യായം തന്നെ. പക്ഷെ ഇതൊരു ശിക്ഷയല്ലതന്നെ. ഇത് അദ്ദേഹത്തെ ശുദ്ധീകരിക്കുന്ന ഒരു അനുഗ്രഹം തന്നെയാണ്. അവിടുത്തെ ക്രോധം ഒരനുഗ്രഹമത്രെ കാരണം ഞങ്ങളുടെ ഭർത്താവ് ഒരു സർപ്പമായി ജനിക്കാനിടവരുത്തിയ ആ പാപം മുഴുവൻ നശിച്ചിരിക്കുന്നു. അങ്ങയുടെ പാദമുദ്രകൾ അദ്ദേഹത്തിന്റെ ശിരസ്സിലണിയാനിടവരുന്നത് അനുഗ്രഹം തന്നെ. അങ്ങയുടെ പാദരേണുക്കൾ ശിരസ്സിൽ അണിയാനിടയായവർ ഭൗതീകമോ സ്വർഗ്ഗീയമോ ആയ യാതൊരു ഫലകാംക്ഷയും വച്ചു പുലർത്തുന്നില്ല. എന്തിന് മോക്ഷപദം പോലും അവർക്കു വേണ്ട. കാരണം അതുതന്നെ ഏറ്റവും വലിയ നേട്ടം. ഞങ്ങൾ അങ്ങയെ നമസ്കരിക്കുന്നു. എല്ലാ ജീവികളും സാത്വീകരും രജസികരും താമസഭാവമുള്ളവരും എല്ലാം അങ്ങിൽ നിന്ന് ഉത്ഭവിക്കുന്നു. ഇപ്പോൾ അങ്ങ് സാത്വീകരെ സംരക്ഷിക്കാൻ ഉടലെടുത്തിരിക്കുന്നു. അവിടത്തെ ഭൃത്യനായ അദ്ദേഹത്തോട് ക്ഷമിച്ചാലും.” കാളിയനും ഇങ്ങിനെ പ്രാർത്ഥിച്ചു. ഞങ്ങൾ സർപ്പങ്ങൾ ജൻമനാ വിഷമുള്ളവരും പ്രകൃത്യാ അക്രമവാസനയുള്ളവരുമാണ്. ഞങ്ങൾ ജീവികൾക്ക് പ്രകൃതിദത്തമായ സഹജഗുണത്തെ സ്വയം അതിവർത്തിക്കുക തുലോം അസാദ്ധ്യമത്രെ. അവിടുത്തേക്ക് മാത്രമേ ഈ മായയെ തരണം ചെയ്യാൻ ഞങ്ങളെ സഹായിക്കാനാവൂ.

അപ്പോൾ കൃഷ്ണൻ കാളിയനോട് നദിവിട്ടു സമുദ്രത്തിൽ പോയി വസിക്കാൻ കൽപ്പിച്ചു. മനുഷ്യർക്കും കാലികൾക്കും ശല്യമാകാത്തവിധം അങ്ങിനെ കഴിയാമെന്ന് കാളിയൻ സമ്മതിച്ചു. അങ്ങിനെ നദി ശുദ്ധമാവുകയും ജനങ്ങൾക്കും കന്നുകാലികൾക്കും സന്തോഷമാവുകയും ചെയ്തു.